**കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്,**
*(ഡിപ്പാർട്ടുമെന്റ് ഓഫ് ഹെൽത്ത് & ഫാമിലി വെൽഫെയർ, കേരള സർക്കാർ)*
**തൈക്കാട് പി.ഒ., തിരുവനന്തപുരം -14**
**ടെലി ഫാക്സ് നം. 0471- 2945647**
**ഫോൺ നം. 0471-2945646, 0471-2945600**
ഇ-മെയിൽ: it@kmscl.kerala.gov.in
സി ഐ എൻ– U24233KL2007SGC021616
ജി.എസ്.ടി – 32AADCK4029M1ZK

**വിവരസാങ്കേതിക വിഭാഗം**

# 2021-22 സാമ്പത്തിക വർഷത്തിലേയ്ക്കുള്ള വാർഷിക ഇൻഡന്റ് ഓൺലൈൻ ഡി.ഡി.എം.എസ് മുഖാന്തിരം സമർപ്പിക്കുന്നതിന്റെ ഉപയോക്തൃ മാനുവൽ

## I. പൊതു നിർദ്ദേശങ്ങൾ:-

- 2021–22 സാമ്പത്തിക വർഷത്തേയ്ക്കുള്ള വാർഷിക ഇൻഡന്റ് Essential Drugs, KASACS, COVID-19, NHM എന്നിങ്ങനെ തരംതിരിച്ച് ഡി.ഡി.എം.എസ് സോഫ്റ്റ്‌വെയറിൽ ലഭ്യമാക്കുന്നതാണ്.
- DME സ്ഥാപനങ്ങൾക്ക് Speciality Indent പ്രത്യേകം ലഭ്യമാക്കുന്നതാണ്.
- Essential Drugs List- ന്റെ ഇൻഡന്റിനോടൊപ്പം ശബരിമല ഇൻഡന്റ് സമർപ്പിക്കേണ്ടതാണ്.
- ഓരോ ആശുപത്രിക്കും വാർഷിക ഇൻഡന്റ് ഓൺലൈൻ ഡി.ഡി.എം.എസ് മുഖാന്തിരം സമർപ്പിക്കുന്നതിന് Indent Creator, Indent Approver എന്നീ രണ്ട് തരം users ലഭ്യമായിരിക്കും.
- ആശുപത്രിയുടെ Admin User ആയിരിക്കും 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ഇൻഡന്റ് ആദ്യമായി സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തേണ്ടത് ( Indent Creator).

- Admin User ഡി.ഡി.എം.എസ് സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള വാർഷിക ഇൻഡന്റ് Approve ചെയ്യേണ്ടത് ആശുപത്രിയുടെ മേലധികാരി ആയിരിക്കും (Indent Approver).

- വാർഷിക ഇൻഡന്റ് ഡി.ഡി.എം.എസ് സോഫ്റ്റ്‌വെയർ മുഖാന്തിരം Approve ചെയ്യുന്നതിലേയ്ക്കായി Head of Institution-ന് ഡി.ഡി.എം.എസ് സോഫ്റ്റ്‌വെയറിൽ username, password എന്നിവ ലഭ്യമായിരിക്കണം. ഇതിനായി "Masters" മെനുവിൽ പോയി Head of Institution-ന്റെ e-mail, First Name, Last Name, PEN Number എന്നിവ രേഖപ്പെടുത്തി Role എന്നത് "Head of Institution" തിരഞ്ഞെടുത്ത് സേവ് ചെയ്യേണ്ടതാണ്.
- ഓരോ ആശുപത്രിക്കും നൽകിയിട്ടുള്ള സമയ പരിധിക്കുള്ളിൽ തന്നെ ആ ആശുപത്രിയിലെ Indent Creator ഉം Indent Approver ഉം ഇൻഡന്റ് ഡി.ഡി.എം.എസ് സോഫ്റ്റ്‌വെയർ മുഖാന്തിരം സമർപ്പിക്കേണതാണ്. സമയപരിധി കഴിഞ്ഞ് ഇൻഡന്റ് ഓൺലൈൻ മുഖാന്തിരം സമർപ്പിക്കുവാൻ സാധിക്കുന്നതല്ല.

- ഓരോ ആശുപത്രിയുടേയും Category അനുസരിച്ച് ലഭ്യമായിട്ടുള്ള മരുന്നുകൾ മാത്രമേ ഇൻഡന്റ് ചെയ്യുവാൻ സാധിക്കുകയുള്ളൂ.

- ഓരോ ആശുപത്രിക്കും നിശ്ചയിച്ചിട്ടുള്ള Financial Cap-ന്റെ പരിധിക്കുള്ളിൽ മാത്രമേ ഇൻഡന്റ് സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ.

- ആശുപത്രി Category തിരിച്ച് അനുവദിച്ചിട്ടുള്ള എല്ലാ മരുന്നുകളും നിർബന്ധമായും രേഖപ്പെടുത്തി മാത്രമേ ഇൻഡന്റ് സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ. ഒരു മരുന്ന് വേണ്ടാത്ത പക്ഷം ആ മരുന്നിന്റെ Quantity "Zero" എന്ന് രേഖപ്പെടുത്തിയതിനു ശേഷം "Save" ചെയ്യേണ്ടതാണ്.


- Indent സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് ബന്ധപ്പെട്ട ജില്ലാ മരുന്നുസംഭരണ ശാലകളെ സമീപിക്കാവുന്നതാണ്.

## II. വാർഷിക ഇൻഡന്റ് സമർപ്പിക്കേണ്ട വിധം


### A) Indent Creator

- ഓരോ ആശുപത്രിക്കും ലഭ്യമായിട്ടുള്ള admin user ഉപയോഗിച്ചാണ് ഇൻഡന്റ് Create ചെയ്യേണ്ടത്.


- Stock → Annual Indent Entry എന്ന Menu മുഖാന്തിരം ഇൻഡന്റ് സ്ക്രീനിലേയ്ക്ക് കടക്കാവുന്നതാണ്.





- 2021-22 സാമ്പത്തിക വർഷം തിരഞ്ഞെടുക്കുമ്പോൾ ഡി.ഡി.എം.എസ് സോഫ്റ്റ്വെയറിൽ പുറപ്പെടുവിച്ചിട്ടുള്ള ഇൻഡന്റ്-ന്റെ വിശദാംശങ്ങൾ കാണാവുന്നതാണ്.




- "Status" എന്ന തലക്കെട്ടിന് കീഴിൽ വരുന്ന "Indent opened by KMSCL" എന്നതിൽ ക്ലിക്ക് ചെയ്ത് ഇൻഡന്റിംഗ് ആരംഭിക്കാവുന്നതാണ്.




❖ Avg IP/day, Avg OP/day & Sanctioned Bed Strength :- ഓരോ ആശുപത്രിയിലേയും ടി വിവരം ബന്ധപ്പെട്ട "text box" – ൽ രേഖപ്പെടുത്തി "Save" ചെയ്യാവുന്നതാണ്.




❖ വാർഷിക ഇൻഡന്റിംഗ് രേഖപ്പെടുത്തുന്ന നടപടിയുടെ ഭാഗമായി താഴെ സൂചിപ്പിച്ചിട്ടുള്ള പട്ടിക ശ്രദ്ധിക്കുക.

(1) Sl No

(2) Item Code

(3) Item Name

(4) Institution Consumption 2017 :- 01.01.2017 മുതൽ 31.12.2017 കാലയളവ് വരെ ആശുപത്രി മെയിൻ സ്റ്റോറുകളിൽ നിന്നും വാർഡുകളിലേയ്ക്ക് വിതരണം ചെയ്തിട്ടുള്ള മരുന്നുകളുടെ എണ്ണം.

(5) Institution Consumption 2018 :- 01.01.2018 മുതൽ 31.12.2018 കാലയളവ് വരെ ആശുപത്രി മെയിൻ സ്റ്റോറുകളിൽ നിന്നും വാർഡുകളിലേയ്ക്ക് വിതരണം ചെയ്തിട്ടുള്ള മരുന്നുകളുടെ എണ്ണം.

(6) Institution Consumption 2019 :- 01.01.2019 മുതൽ 31.12.2019 കാലയളവ് വരെ ആശുപത്രി മെയിൻ സ്റ്റോറുകളിൽ നിന്നും വാർഡുകളിലേയ്ക്ക് വിതരണം ചെയ്തിട്ടുള്ള മരുന്നുകളുടെ എണ്ണം.

(7) Current Stock :- ആശുപത്രിയിലെ നിലവിലെ സ്റ്റോക്ക്

(8) Anticipated Unit Price :- 2021-22 സാമ്പത്തിക വർഷത്തിൽ പ്രസ്തുത മരുന്നിന്റെ ഏകദേശ മൂല്യം

(9) Indent for the year 2021-22 :- 2021-22 സാമ്പത്തിക വർഷത്തിൽ ആശുപത്രിക്ക് ആവശ്യമായി വന്നേക്കാവുന്ന മരുന്നിനെ സംബന്ധിച്ച് നിലവിലെ സ്ഥിതിവിവരകണക്കുകൾ വിലയിരുത്തി സോഫ്റ്റ്‌വെയർ നിർദ്ദേശിക്കുന്ന എണ്ണം. ഇത് തയ്യാറാക്കിയിട്ടുള്ളത് താഴെ സൂചിപ്പിച്ചിട്ടുള്ളതിൻ പ്രകാരമാണ്.

a) നിലവിലെ മരുന്നിന്റെ സ്റ്റോക്ക് 2019-ലെ ഉപയോഗത്തെക്കാൾ കൂടുതലാണെങ്കിൽ "Indent for the year 2021-22" ന് അനുബന്ധമായി സോഫ്റ്റ്‌വെയർ കാണിക്കുന്ന Indent Quantity പൂജ്യം ആയിരിക്കും.

b) നിലവിലെ മരുന്നിന്റെ സ്റ്റോക്ക് 2019 ഉപയോഗത്തെക്കാൾ കുറവാണെങ്കിൽ, 2019 മരുന്നുകളുടെ ഉപയോഗത്തിൽ നിന്നും നിലവിലെ സ്റ്റോക്കിന്റെ 50% കുറച്ച എണ്ണം മരുന്നുകളാകും 2021-22 സാമ്പത്തിക വർഷത്തേയ്ക്ക് ആവശ്യമായി വന്നേക്കാവുന്ന മരുന്ന് എന്ന് സോഫ്റ്റ്‌വെയർ നിർദ്ദേശിക്കുന്നത്.

(10) മേൽ നിർദ്ദേശിച്ചിട്ടുള്ള മരുന്നുകളുടെ എണ്ണത്തിൽ ഏതു വിധത്തിലുള്ള മാറ്റവും വരുത്താവുന്നതാണ്.

(11) ഓരോ ആശുപത്രിക്കും അനുവദിച്ചിട്ടുള്ള Financial Cap-നുള്ളിൽ നിന്നും വാർഷിക ഇൻഡന്റ് സമർപ്പിക്കാവുന്നതാണ്. അനുവദിക്കപ്പെട്ടിട്ടുള്ള Financial Cap തുകയുടെ വിശദാംശം ഇൻഡന്റിംഗ് സ്ക്രീനിൽ ലഭ്യമാണ്.

(12) ഓരോ മരുന്നിനും നേരേ ലഭ്യമായിട്ടുള്ള ⊕ ചിഹ്നം അമർത്തുമ്പോൾ ടി മരുന്നിനായി ചിലവാക്കുന്ന തുകയും (Indent Value) അതോടൊപ്പം Financial Cap-ൽ നിന്നും മിച്ചം വരുന്ന തുകയും (Balance FC Value) സ്ക്രീനിൽ ലഭ്യമാകും.

(13) ഇൻഡന്റ് ചെയ്യാൻ ലഭ്യമാക്കിയിട്ടുള്ള എല്ലാ മരുന്നുകളും ⊕ ചിഹ്നം ഉപയോഗിച്ച് സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയ ശേഷം Declaration രേഖപ്പെടുത്തി വാർഷിക ഇൻഡന്റ് അംഗീകരിച്ച് ലഭിക്കുന്നതിനു വേണ്ടി സമർപ്പിക്കാവുന്നതാണ്.

B) <u>Indent Approver</u>

- "Head of Institution"-ന്റെ username, password എന്നിവ ഉപയോഗിച്ചാണ് Indent Approve ചെയ്ത് ജില്ലാ തലത്തിലോട്ട് കൈമാറേണ്ടത്.
- Stock → Annual Indent Entry എന്ന Menu മുഖാന്തിരം ഇൻഡന്റ് ചെയ്യുന്നതിനുള്ള സ്ക്രീൻ തിരഞ്ഞെടുക്കാവുന്നതാണ്.
- 2021-22 എന്ന സാമ്പത്തിക വർഷം തിരഞ്ഞെടുക്കേണ്ടതാണ്.
- "Submitted by Indent Creator" എന്ന തലക്കെട്ടിൽ ക്ലിക്ക് ചെയ്ത് ഇൻഡന്റ് Approve ചെയ്യുന്ന നടപടിക്രമത്തിലോട്ട് കടക്കാവുന്നതാണ്.
- ആശുപത്രിക്ക് വേണ്ടി "Indent Creator" തയ്യാറാക്കിയിട്ടുള്ള ഇൻഡന്റ് കാണാൻ സാധിക്കുന്നതും അതിൽ വേണ്ട മാറ്റങ്ങൾ നടത്താവുന്നതാണ്.
- അനുവദിച്ചിട്ടുള്ള Financial Cap-നുള്ളിൽ നിന്നും Indent Approve ചെയ്ത് ജില്ലാ തലത്തിലെ അംഗീകാരത്തിനായി സമർപ്പിക്കാവുന്നതാണ്.

Sd/-

**കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്**